# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം ഒന്നാം ഞായർ

**ലൂക്കാ 14,7-14**

---

*"മാലാഖയെ ചെകുത്താനാക്കിയത് അവന്റെ അഹങ്കാരമാണെങ്കിൽ മനുഷ്യനെ മാലാഖയാക്കുന്നത് അവന്റെ വിനയമാണ്."*

**വി. അഗസ്തീനോസ്**

വിളവെടുപ്പും ഫലശേഖരണവുമാണ് കൈത്താക്കാലം സമ്മാനിക്കുന്ന ചിന്തകൾ. പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്ന് പടർന്ന് പന്തലിച്ച് ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ അത് "സഭയുടെ വളർച്ചയുടെ കാലമായി" പരിഗണിക്കപ്പെടുന്നു. എങ്കിൽ, വിളവെടുപ്പ് നടത്തണമെങ്കിൽ നമ്മുടെ ജീവിതത്തിൽ അവശ്യം വേണ്ട പുണ്യമായ വിനയം അഥവാ എളിമ എന്നതിനെ കുറിച്ചാണ് ഇന്നത്തെ വചനഭാഗത്തിലൂടെ ക്രിസ്തു ഓർമ്മപ്പെടുത്തുന്നത്. ക്രിസ്തു യഥാർത്ഥത്തിൽ ഇവിടെ മൂല്യബോധത്തിലേയ്ക്ക് ശ്രോതാക്കളെ വഴിനടത്തുന്ന ഒരു അദ്ധ്യാപകൻ തന്നെയായ് മാറുന്നു.

*"ജീവിതം വാങ്ങാനുള്ളതല്ല, മറിച്ച്, കൊടുക്കാനുള്ളതാണ്... അവസാന തുള്ളിവരെ!!"*

വിക്ടോർ യൂഗോ

ക്രിസ്തുവിന്റെ നീതിശാസ്ത്രം, "വിരുന്നിരിക്കുമ്പോൾ അവസാനമിരിക്കണം. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എളിയവനുമായിരിക്കണം. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനായിരിക്കണം!" ഒരു പക്ഷെ മനുഷ്യബുദ്ധിക്ക് ഗ്രാഹ്യമല്ലാത്ത ഒന്നാകാം ക്രിസ്തു പറയുന്നതും, പഠിപ്പിക്കുന്നതും. പക്ഷെ, ക്രിസ്തുവിന്റെ പഠനങ്ങൾക്കുള്ള സാക്ഷ്യങ്ങളും തെളിവുകളുമാണ് വചനത്തിൽ ഉൽപ്പത്തി മുതൽ വെളിപാട് വരെ നിരത്തുന്നത്. ദാവീദിന്റെ തിരഞ്ഞെടുപ്പ് തന്നെയാണ് ഇതിനുള്ള ഏറ്റവും നല്ല ഓർമ്മപ്പെടുത്തൽ.

സാവൂളിനെ ഇസ്രായേലിന്റെ രാജത്വത്തിൽ നിന്ന് ദൈവം തള്ളി കളയുന്നു. തുടർന്ന്, ദൈവം സാമുവലിനോട് പറയുന്നു, "കുഴലിൽ തൈലം നിറച്ച് പുറപ്പെടുക. ഞാൻ നിന്ന് ബേത്‌ലെഹെംകാരനായ ജസ്സെയുടെ അടുത്തേയ്ക്കയക്കുന്നു. അവന്റെ ഒരു പുത്രനെ ഞാൻ രാജാവായ് നിശ്ചയിച്ചിരിക്കുന്നു" (1 സാമു 16,1). ദൈവത്തിന്റെ അരുളപ്പാട് ലഭിച്ച സാമുവൽ പ്രവാചകൻ കൊമ്പിൽ തൈലം നിറച്ച് പുറപ്പെടുകയാണ്. അവൻ, ജസ്സെയുടെ ഭവനത്തിൽ പ്രവേശിച്ചു. ജസ്സെയുടെ മക്കളെ ഓരോന്നായ് അവൻ കണ്ടു. അവരെ ഓരോരുത്തരെ കാണുമ്പോഴും സാമുവൽ വിചാരിക്കും ഇവനാണ് ഇസ്രായേലിന്റെ പുതിയ രാജാവ്. "എലിയാബിനെ കണ്ടപ്പോൾ കർത്താവിന്റെ അഭിഷിക്തനാണ് തന്റെ മുമ്പിൽ നിൽക്കുന്നതെന്ന് സാമുവലിന് തോന്നി. എന്നാൽ, കർത്താവ് സാമുവലിനോട് കൽപ്പിച്ചു; അവന്റെ ആകാരവടിവോ ഉയരമോ നോക്കേണ്ടാ. അവനെ ഞാൻ തിരസ്കരിച്ചതാണ്. മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും" (1 സാമു 16,6-7). അടുത്തത്, അബിനാദാബിന്റെ ഊഴമായിരുന്നു. അവനും അഴകും ആകാരഭംഗിയുമുണ്ടായിരുന്നു. പക്ഷെ, അവനെയും ദൈവം തിരസ്കരിച്ചു. ഇപ്രകാരം, ജസ്സെയുടെ ഏഴ് മക്കളെയും കർത്താവ് തിരസ്കരിച്ചു. അപ്പോഴും, സാമുവലിന് ഒരു സംശയം മാത്രം ബാക്കി, "നിന്റെ പുത്രൻമാർ എല്ലാവരും ആയോ?" ജസ്സെ മറുപടി പറയുകയാണ്, "ഇളയവനായി ഒരുത്തൻ കൂടിയുണ്ട്. അവൻ ആടുകളെ മേയ്ക്കാൻ പോയിരിക്കുകയാണ്. അവൻ കുഞ്ഞാണ്!" പക്ഷെ, ചരിത്രം സാക്ഷ്യപ്പെ

ടുത്തുന്നത്, ദൈവം തിരഞ്ഞെടുത്തത് ആ കുഞ്ഞിനെയാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് എത്രയോ വിചിത്രമാണ്. "ശക്തൻമാരെ അതിജീവിക്കാൻ അശക്തരിൽ അശക്തരെ ദൈവം തിരഞ്ഞെടുക്കുന്നു." കർത്താവ് നിധി വിളമ്പുന്നത് എന്നും മൺപാത്രത്തിൽ തന്നെയാണ്. അതുകൊണ്ട് തന്നെയാണ് കർത്താവ് പറയുന്നത്, "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമായിരിക്കണമെന്ന്."

വിവാഹ പന്തിയിൽ പ്രമുഖസ്ഥാനങ്ങൾ കരസ്ഥമാക്കാൻ വെമ്പുന്ന ജനക്കൂട്ടത്തെ കാണുമ്പോൾ ക്രിസ്തു ഓർമ്മപ്പെടുത്തുകയാണ്, "ആദരവ് പിടിച്ചെടുക്കേണ്ടതല്ല. മറിച്ച്, നിന്റെ നന്മ കണ്ട് മറ്റുള്ളവർ സ്നേഹത്തോടെയും സന്തോഷത്തോടെയും സമ്മാനിക്കേണ്ട ഒന്നാണെന്ന്."

ഒന്നാമനായി തീരാൻ എന്തും ബലികഴിക്കുന്ന ഏതുമാർഗ്ഗവും സ്വീകരിക്കുന്ന വ്യക്തികളുടെ നീണ്ട നിര ഇന്നും എന്നും സമൂഹത്തിലും സഭയിലും ദർശിക്കാം. വളരുവാനും ഉയരുവാനും പടർന്ന് പന്തലിക്കാനുമുള്ള ആഗ്രഹവും ത്വരയുമാണ് വ്യക്തികളെ ഇതിന് പ്രേരിപ്പിക്കുന്നത്. സുവിശേഷത്തിലും ഇത്തരത്തിലുള്ള വ്യക്തികളെ കണ്ടെത്താൻ സാധിക്കും. എന്തിനേറെ, ക്രിസ്തുവിന്റെ ശിഷ്യൻമാരായ സെബദിപുത്രൻമാരുടെ അഭ്യർത്ഥന ഒന്നു പരിശോദിച്ചാൽ മതി. 'അങ്ങയുടെ മഹത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലത്തും മറ്റെയാൾ ഇടത്തും ഇരിക്കാനുള്ള വരവും തരണമെന്ന്. അതിനുവേണ്ടി നീ കുടിക്കുന്ന എന്ത് പാനപാത്രവും സഹിക്കുവാനും കുടിക്കുവാനും ഞങ്ങൾ തയ്യാറാണെന്ന്.' ഒന്നാമനാകാനുള്ള ആഗ്രഹം കൊണ്ട് സഹോദരനായ ആബേലിനെ വധിക്കുന്ന കായേനെ നാം വചനത്തിൽ കണ്ട് മുട്ടുന്നുണ്ട്. സാവൂളിന്റെ വളർച്ച ദാവീദ് മഹാരാജാവിന് ഭീഷിണിയാകുമ്പോൾ അവനെ വധിക്കാനായി വിവിധ മാർഗ്ഗങ്ങൾ മെനയുകയും പരിശ്രമിക്കുകയും ചെയ്യുന്ന ദാവീദിനെയും വചനത്തിൽ നാം പരിചയപ്പെടുന്നുണ്ട്. ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്, "ആരും ആരുടെയും മുമ്പിൽ തോൽക്കാനും കുറയാനും തയ്യാറല്ല!!!"

നീ അധികാരത്തിനും പ്രശംസയ്ക്കും കിരീടത്തിനും വേണ്ടി നെട്ടോട്ടമോടുന്നവനാണെങ്കിൽ ഓർക്കുക, അധികാരം ബലപ്രയോഗത്തിലൂടെ നിനക്ക് നേടാം. എന്നാൽ, ആദരവ് ഹൃദയത്തിൽ രൂപപ്പെടേണ്ട ഒന്നാണെന്ന്. നിന്നെ കുറിച്ചുള്ള ആദരവ് മറ്റുള്ളവരുടെ ഹൃദയത്തിൽ രൂപപ്പെടുത്തുന്നതോ, നിന്റെ വിനയമുള്ള, എളിമയുള്ള പ്രവർത്തനങ്ങളിലൂടെയാണെന്നും.

ക്രിസ്തു ഏറെ വിപ്ലവാത്മകമായ പഠനമാണ് ഇവിടെ പ്രഘോഷിക്കുന്നത്. കാരണം, മറ്റുള്ളവർ കാണാനും കേൾക്കാനും വേണ്ടി മാത്രം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന യഹൂദരുടെ വിരുന്നിന് മദ്ധ്യേയാണ് ക്രിസ്തു തന്റെ ഇത്തരത്തിലുള്ള പഠനങ്ങൾ പങ്ക് വയ്ക്കുന്നത്. വിശുദ്ധിയുടെയും മാന്യതയുടെയും ബഹുമാനത്തിന്റെയും പുറംകുപ്പായങ്ങൾ സ്വയം തുന്നിയെടുക്കാൻ വ്യഗ്രതപ്പെടുന്ന യഹൂദനേതാക്കളുടെ എതിർപ്പ് എന്തുമാത്രമായിരിക്കണം.

ക്രിസ്തുവിന്റെ വിരുന്നിനെക്കുറിച്ചുള്ള തത്വശാസ്ത്രം ഈ ലോകത്തിന്റെ തത്വശാസ്ത്രത്തിന്റെ നേരെ വിപരീതമാണ്. ഈ ലോകത്തിൽ നമ്മൾ വിരുന്ന് നടത്തുമ്പോൾ നമുക്ക് വിളിക്കാൻ താത്പര്യം സുഹൃത്തുക്കൾ, ബന്ധുക്കൾ, സഹോദരങ്ങൾ, സമ്പന്നർ എന്നിവരെയാണ്. എന്നാൽ, ക്രിസ്തുവിന്റെ തത്വശാസ്ത്രം, നിങ്ങൾ വിരുന്ന് നടത്തുമ്പോൾ ക്ഷണിക്കേണ്ടത് ദരിദ്രർ, മുടന്തർ, വികലാംഗർ, അന്ധർ എന്നിവരെയാണെന്നാണ്. ഇതിനർത്ഥം സുഹൃത്തുക്കളെയും ബന്ധുക്കളെയും സഹോദരങ്ങളെയും സമ്പന്നരെയും വിളിക്കേണ്ട എന്നല്ല. മറിച്ച്, നിന്റെ

"ആരും താണവരല്ല,
ആരും വലിയവരുമല്ല...
ഈ വ്യവസ്ഥിതിയിൽ
രാജാവും കൃഷിക്കാരനും
ധനികനും
ദരിദ്രനും
തൊഴിലുടമയും
തൊഴിലാളിയും
എല്ലാം ഒരേ
നിലയിലുള്ളവരാണ്...'

ഗാന്ധിജി

സമ്പന്നതയുടെ വിരുന്നിൽ നീയൊരിക്കലും അവശരരെയും പാവപ്പെട്ടവരെയും മറന്ന് കളയരുത് എന്നാണ്.

സുഹൃത്തുക്കളും ബന്ധുക്കളും സഹോദരങ്ങളും സമ്പന്നരും തങ്ങളെ വിരുന്നിന് വിളിക്കേണ്ടത് അവരുടെ അവകാശമായി കാണുമ്പോൾ ഒപ്പത്തിനൊപ്പം നിൽക്കാനോ പകരത്തിനു പകരം തരാനോ ഒന്നുമില്ലാത്ത അവശരും പാവപ്പെട്ടവരും നിനക്കു സമ്മാനിക്കുന്നത് ഹൃദയം നിറഞ്ഞ നന്ദിയായിരിക്കും. ഒപ്പം, ക്രിസ്തു വചനം ഓർക്കുക, "ഈ ഏറ്റവും ചെറിയ സഹോദരന് നീ ഇത് ചെയ്ത് കൊടുത്തപ്പോഴെല്ലാം എനിക്ക് തന്നെയാണ് ചെയ്ത് തന്നതെന്ന്."

യഹൂദരുടെ ആതിഥികൾ എന്നും അവരുടെ നിലവാരത്തിനു ചേർന്നവരായിരുന്നു. അത്തരക്കാരെ മാത്രമെ വിരുന്നിന് ക്ഷണിക്കൂ. വിരുന്നിന് ക്ഷണിച്ച് വരുന്ന വ്യക്തികളെ കുറിച്ച് യഹൂദനിയമം നൽകുന്ന ശാസനം ഇപ്രകാരമാണ്, "അശുദ്ധരായവർ ആരും വിരുന്നിൽ പ്രവേശിക്കരുത്. ശാരീരിക വൈകല്യമുള്ളവരും തളർവാതമുള്ളവരും കൈക്കാലുകൾ ശോഷിച്ചവരും അന്ധരും ചെകിടരും മൂകരുമായ വ്യക്തികൾ ആരും വിരുന്ന് ശാലയിലെത്തരുത്" (1Qsa2,4b). ഇത്തരത്തിലാരെങ്കിലും വിരുന്നുശാലയിലെത്തിയാൽ മാന്യരായ അഥിതികൾ വിരുന്നിൽ നിന്ന് വിട്ട് നിൽക്കും. ഇതിൽ നിന്ന് ഒന്ന് വ്യക്തമാണ്, വലിയവനെ മുന്നിൽ നിർത്തി ആളാകാനും വലിയവന്റെ കൂടെ നിന്ന് സ്വന്തം ചെറുപ്പങ്ങൾ കുറയ്ക്കാനുമുള്ള ത്വര അഥവാ പ്രലോഭനത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ടെന്ന്.

"മെഴുകുതിരി
മറ്റൊരു
തിരിക്ക്
അഗ്നി
സമ്മാനിച്ചു
എന്നതിന്റെ
പേരിൽ
പഴയതിന്റെ
പ്രകാശം
അസ്തമിക്കുന്നില്ല..."

ബ്രൂണർ

പ്രധാനസ്ഥാനത്തിനുള്ള അതിഥികളുടെ ഉന്തും തള്ളുമാണ് യേശുവിനെ പ്രകോപിതനാക്കുന്നത്. ക്രിസ്തു ഈ സമയത്ത് മാത്രമല്ല ഇത്തരം കാര്യങ്ങളിൽ പ്രകോപിതനാകുന്നത്. ശിഷ്യൻമാർ തങ്ങളിൽ ആരാണ് ഒന്നാമൻ എന്ന് മത്സരിച്ചപ്പോഴും ക്രിസ്തു അവരെ തിരുത്തിയിട്ടുണ്ട്, "നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം" എന്ന് പറഞ്ഞ്.

ചുരുക്കത്തിൽ, സ്വാർത്ഥതയും അഹങ്കാരവും നിറഞ്ഞ പ്രവർത്തികൾ എന്നും നാശത്തിലാണ് അവസാനിച്ചിരിക്കുന്നതെന്നാണ് ക്രിസ്തുവിവക്ഷ. സ്വാർത്ഥത നിറഞ്ഞ അഹംങ്കാരം നിറഞ്ഞ പഴയനിയമ ജനം ബാബേൽ ഗോപുരനിർമാണത്തിലൂടെ ദൈവത്തെ മറികിടക്കാനായി ശ്രമിച്ചപ്പോൾ ദൈവം അവരെ തകർത്ത് തരിപ്പണമാക്കുന്നുണ്ട്. പർവ്വതം പോലെ ഉയർന്ന് നിന്ന് ഗോലിയാത്ത് ദൈവത്തിന്റെ ജനത്തെയും ദൈവത്തെയും വെല്ലുവിളിച്ചപ്പോൾ ദൈവം പീക്കിരി പയ്യനായ ദാവീദിലൂടെ ഗോലിയാത്തിന്റെ അഹംങ്കാരത്തെ ശമിപ്പിക്കുന്നുണ്ട്. അയാളുടെ പരാജയം പരമദയനീയവും പരിഹാസ ജനകവുമായിരുന്നു.

എളിമ നിറഞ്ഞ വിനയം നിറഞ്ഞ ജീവിതങ്ങൾ മാത്രമെ ചരിത്രത്തിന്റെ താളുകളിൽ ഇന്നും ഒളിമങ്ങാതെ നിൽക്കുന്നത്. ഇത്തരം ജീവിതങ്ങൾ മാത്രമെ പടർന്ന് പന്തലിച്ചിട്ടുള്ളു. ക്രിസ്തു കാണിച്ച് തന്നതും ഈ എളിമയുടെ പാഠങ്ങളാണ്. അവൻ ആകാശത്തോളം വലുതാകാൻ അപ്പത്തോളം ചെറുതായി...

**"തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ**
**നിങ്ങളിലാർക്കും എന്റെ ശിഷ്യനായിരിക്കാൻ സാധിക്കുകയില്ല!"**

ലൂക്കാ 14,33

ഫാ. ജോബി മേനോത്ത്